# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ബിവറേജസ് കോർപ്പറേഷന്റെ ആദായനികുതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5853 | 02.07.2019-ൽ മറുപടിയ്ക്ക്

**ചോദ്യം**

**ശ്രീ.കെ.എസ്.ശബരീനാഥൻ**

**ഉത്തരം**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**

**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

(എ) ബിവറേജസ് കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ട് 2019 മാർച്ച് മാസം ആദായനികുതി വകുപ്പ് മരവിപ്പിച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ;

(എ) ഉണ്ട്. ഇൻകം ടാക്സ് ഡിപ്പാർട്ട് മെന്റ് 2019 മാർച്ച് മാസത്തിൽ കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് ഫിനാൻസ് ആക്ട് 2014-ൽ ഒരു പുതിയ സെക്ഷൻ 40(a) (iib) എന്ന പ്രകാരം ഉൾപ്പെടുത്തുകയും ആയതു വഴി റോയൽറ്റി, ലൈസൻസ് ഫീ, സർവ്വീസ് ഫീ, പ്രിവിലേജ് ഫീ, സർവ്വീസ് ചാർജ് തുടങ്ങി സംസ്ഥാന ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും നേരിട്ടോ അല്ലാതെയോ ചുമത്തുന്ന ലെവികൾക്ക് ഒന്നും തന്നെ ഇൻകം ടാക്സ് ഇളവിന് അർഹത ഇല്ലായെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ ഭേദഗതിയുടെ വെളിച്ചത്തിൽ 2014-15 അസസ്സ്മെന്റ് വർഷം മുതൽ കോർപ്പറേഷന്റെ താഴെ പറയുന്ന ചെലവുകൾ ഇൻകം ടാക്സ് ഇളവിന് ബാധകമല്ലാത്തവിധമാണ് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് അസസ്സ്മെന്റ് ചെയ്തു വരുന്നത്.

1. സെയിൽസ് ടാക്സിന് മുകളിലുള്ള സർചാർജ്.
2. ടേൺ ഓവർ ടാക്സ്.
3. ലൈസൻസ് ഫീ.
4. ഷോപ്പ് റെന്റൽ/കിസ്റ്റ്
5. ഗാലനേജ് ഫീ.

| ക്രമ നം. | അസസ്സ്മെന്റ് വർഷം | തുക (രൂപയിൽ) |
|---|---|---|
| 1 | 2014-15 | 4,30,05,99,970/- |
| 2 | 2015-16 | 3,61,21,29,640/- |
| 3 | 2016-17 | 5,46,71,89,262/- |
| | ആകെ തുക | 13,37,99,18,872/- |

**(ബി)** ബിവറേജസ് കോർപ്പറേഷൻ എത്ര ലക്ഷം രൂപയാണ് ആദായനികുതിയായി അടയ്ക്കുവാൻ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ?

**(ബി)** ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് 13,37,99,18,872/- രൂപയുടെ ഒരു ഡിമാന്റ് 2014-15, 2015-16, 2016-17 എന്നീ അസസ്സ്മെന്റ് വർഷങ്ങളുടെ അസസ്സ്മെന്റിന്റെ ഭാഗമായി തരിക ഉണ്ടായി. എന്നാൽ മേൽ പറഞ്ഞ പേയ്മെന്റുകൾ എക്സ്ക്യൂട്ടീവ് ലെവികൾ അല്ലാത്തതിനാൽ ഡിമാൻഡ് ചെയ്ത ഈ തുക തർക്ക വിഷയം എന്ന നിലയിൽ കോർപ്പറേഷൻ അടയ്ക്കാതെ അപ്പീൽ ഫയൽ ചെയ്യുകയാണുണ്ടായത്.

**സെക്ഷൻ ഓഫീസർ**